*12-10-2026*

*Obituary Reference*

**ചരമോപചാരം**

<u>പി. എ. മാധവൻ, ടി. പി. എം. സാഹിർ, കെ. അച്യുതൻ, അഡ്വ. ജോസ് കുറ്റ്യാനി, എസ്. ജാനകി എന്നിവരുടെ നിര്യാണം</u>

<u>മി. സ്പീക്കർ</u>: മുൻ നിയമസഭാ സാമാജികരായിരുന്ന പി. എ. മാധവൻ 2026 ജൂൺ 30-നും ടി. പി. എം. സാഹിർ 2026 ജൂലൈ 25-നും കെ. അച്യുതൻ, അഡ്വ. ജോസ് കുറ്റ്യാനി എന്നിവർ 2026 സെപ്റ്റംബർ 7-നും പ്രശസ്ത ഗായിക എസ്. ജാനകി 2026 ജൂലൈ 11-നും അന്തരിച്ചു.

**പി. എ. മാധവൻ**

മുതിർന്ന കോൺഗ്രസ് നേതാവും മുൻ എം.എൽ.എ.-യുമായ പി. എ. മാധവൻ 2026 ജൂൺ 30-ന് അന്തരിച്ചു. 2011 മുതൽ 2016 വരെ മണലൂർ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് കേരള നിയമസഭാംഗമായിരുന്നു.

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ താലൂക്കിലെ മുണ്ടൂരിൽ പി. അച്യുതൻ നായരുടെയും മലമേൽപട്ടിയത്ത് പാർവതി അമ്മയുടെയും മകനായി 1946 സെപ്റ്റംബർ 14-ന് ജനനം. വിമോചന സമരത്തിന്റെ ഭാഗമായി വിദ്യാർഥി പ്രക്ഷോഭങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്. 1967 മുതൽ 2007

വരെ അംഗീകൃത ലൈസൻസുള്ള ഡോക്യുമെന്റ് റൈറ്ററായിരുന്നു.

യൂത്ത് കോൺഗ്രസ് വഴി പൊതുരംഗത്ത് പ്രവേശിച്ച അദ്ദേഹം 2011-ൽ മണലൂർ നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ യൂത്ത് കോൺഗ്രസ് പ്രവർത്തകനായിരിക്കെ സംഘടനയുടെ വിവിധ സ്ഥാനങ്ങൾ വഹിച്ച അദ്ദേഹം പിന്നീട് അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി അംഗം, കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി എക്സിക്യൂട്ടീവ് അംഗം, ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, യു.ഡി.എഫ്. ജില്ലാ ചെയർമാൻ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രതിപക്ഷ നേതാവ്, സീതാറാം സ്പിന്നിങ് ആൻഡ് വീവിങ് മിൽസ് ഡയറക്ടർ, മാള കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ചെയർമാൻ, മത്സ്യ വില്പന തൊഴിലാളി സഹകരണ സംഘം തൃശ്ശൂർ ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ രാഷ്ട്രീയ-സാമൂഹിക രംഗത്ത് ദീർഘകാലം സജീവമായിരുന്നു. തൃശ്ശൂർ ജില്ലയിലെ കോൺഗ്രസ് പാർട്ടിയെ ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചു.

കൂടാതെ, നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ഷോ-റൂം

എംപ്ലോയീസ്, ലക്ഷ്മി മിൽസ് പുല്ലഴി എംപ്ലോയീസ് യൂണിയൻ, റെയിൽവേ ഗുഡ്സ്-ഷെഡ് വർക്കേഴ്സ് യൂണിയൻ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഇലക്ട്രിസിറ്റി എംപ്ലോയീസ് യൂണിയൻ, തൃശ്ശൂർ കെ.എസ്.ഇ.ബി. തൊഴിലാളി യൂണിയൻ, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ തുടങ്ങിയ പ്രമുഖ തൊഴിലാളി യൂണിയനുകളുടെ പ്രസിഡന്റ് സ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു.

നിയമസഭാംഗം എന്ന നിലയിലും പൊതുപ്രവർത്തകൻ എന്ന നിലയിലും ജനങ്ങളുമായി ഇഴുകിച്ചേർന്ന് പ്രവർത്തിച്ച് ശീലമുള്ള പി. എ. മാധവന്റെ വിയോഗത്തോടെ ജനകീയ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് അക്ഷീണം പ്രവർത്തിച്ച ഒരു രാഷ്ട്രീയ നേതാവിനെയാണ് കേരള സമൂഹത്തിന് നഷ്ടപ്പെട്ടത്.

**ടി. പി. എം. സാഹിർ**

മുൻ എം.എൽ.എ.-യും ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായിരുന്ന ടി. പി. എം. സാഹിർ 2026 ജൂലൈ 25-ന് വിടവാങ്ങി. 1945 ഫെബ്രുവരി 4-ന് ടി. പി. കുട്ട്യാലിയുടെയും കുഞ്ഞി

*12-10-2026*

*Obituary Reference*

പാത്തുമ്മയുടെയും മകനായി കോഴിക്കോട് ജനിച്ച ടി. പി. എം. സാഹിർ എഞ്ചിനീയറായും സാമൂഹിക-രാഷ്ട്രീയ പ്രവർത്തകനായും ദീർഘകാലം പ്രവർത്തിച്ചു. 2001-ൽ കോഴിക്കോട്-2 നിയോജകമണ്ഡലത്തിൽനിന്നും ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ച അദ്ദേഹം പതിനൊന്നാം കേരളനിയമസഭയിൽ (2001-2006) അംഗമായി മികച്ച പ്രവർത്തനം കാഴ്ചവച്ചു. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് സംസ്ഥാന ഉപാധ്യക്ഷൻ, ജനറൽ സെക്രട്ടറി എന്നീ പദവികൾ അലങ്കരിച്ചിരുന്ന ടി. പി. എം. സാഹിർ, സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിലും ശ്രദ്ധേയ സാന്നിധ്യമായിരുന്നു. കെൽട്രോൺ ഡയറക്ടർ, എം.ഇ.എസ്. എഞ്ചിനീയറിങ് കോളേജ് മാനേജിങ് കമ്മിറ്റി അംഗം, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി സിൻഡിക്കേറ്റ് അംഗം, കാലിക്കറ്റ് ജേസീസ്, കാലിക്കറ്റ് സീനിയർ ചേംബർ പ്രസിഡന്റ്, എം.എസ്.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ്, കോഴിക്കോട് ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ടി.പി.എം. സാഹിർ രാഷ്ട്രീയ പ്രവർത്തനത്തിനപ്പുറം പരിസ്ഥിതി

സംരക്ഷണം ഉൾപ്പെടെയുള്ള പൊതുതാൽപര്യ വിഷയങ്ങളിലും ശ്രദ്ധ ചെലുത്തിയിരുന്നു. മതസൗഹാർദത്തിനും സാമൂഹിക ഐക്യത്തിനും ഊന്നൽ നൽകിയായിരുന്നു അദ്ദേഹത്തിന്റെ പൊതുപ്രവർത്തനം. മികച്ച നിയമസഭാ സാമാജികൻ, ശക്തനായ സംഘടനാ നേതാവ്, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ടി. പി. എം. സാഹിറിന്റെ വിയോഗം കേരളീയ സമൂഹത്തിന് ഒരു തീരാനഷ്ടമാണ്.

**കെ. അച്യുതൻ**

മുതിർന്ന കോൺഗ്രസ് നേതാവും മുൻ ചിറ്റൂർ എം.എൽ.എ.-യുമായിരുന്ന കെ. അച്യുതൻ 2026 സെപ്റ്റംബർ 7-ന് അന്തരിച്ചു. ചിറ്റൂർ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് 1996 മുതൽ തുടർച്ചയായി നാല് തവണ കേരളനിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ തത്തമംഗലത്ത് കിട്ടുണ്ണിയുടെയും വള്ളിയുടെയും മകനായി 1950 ഫെബ്രുവരി 24-ന് ജനനം. കർഷക-സഹകരണ മേഖലകളിലൂടെ രാഷ്ട്രീയ രംഗത്ത് അദ്ദേഹം നന്നായി ശോഭിച്ചിരുന്നു. നിലവിൽ ചിറ്റൂർ നിയോജകമണ്ഡലത്തെ

*12-10-2026*

*Obituary Reference*

കേരളനിയമസഭയിൽ പ്രതിനിധീകരിക്കുന്ന ശ്രീ. സുമേഷ് അച്യുതൻ അദ്ദേഹത്തിന്റെ മകനാണ്. ദീർഘകാലം ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ ചെയർമാനായി സേവനമനുഷ്ഠിച്ചു. പാലക്കാട് ജില്ലാ കൗൺസിൽ അംഗം, ജില്ലാ പ്ലാനിങ് കമ്മിറ്റി അംഗം എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. തത്തമംഗലം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, ചിറ്റൂർ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് ബാങ്ക് പ്രസിഡന്റ്, ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കോൺഗ്രസ് പ്രവർത്തകർക്കിടയിൽ വളരെ വലിയ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞ, ചിറ്റൂരിനോട് ആത്മബന്ധം പുലർത്തിയിരുന്ന, കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും സാധാരണക്കാരുടെയും നേതാവായിരുന്ന കെ. അച്യുതൻ. അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ രാഷ്ട്രീയത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച, പൊതുതാൽപര്യങ്ങൾക്കുവേണ്ടി നിലകൊണ്ട ജനകീയ നേതാവിനെയാണ് നഷ്ടമായിരിക്കുന്നത്.

*12-10-2026*

*Obituary Reference*

**അഡ്വ. ജോസ് കുറ്റ്യാനി**

ഇടുക്കി മുൻ എം.എൽ.എ.-യും പ്രമുഖ കോൺഗ്രസ് നേതാവുമായിരുന്ന അഡ്വ. ജോസ് കുറ്റ്യാനി 2026 സെപ്റ്റംബർ 7-ന് അന്തരിച്ചു. ഇടുക്കി ജില്ലയിൽ കോൺഗ്രസ് പ്രസ്ഥാനം പടുത്തുയർത്തുന്നതിൽ നിർണായക പങ്കുവഹിച്ച നേതാവായിരുന്നു അദ്ദേഹം. ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്തുള്ള മുട്ടത്ത് കുറ്റ്യാനിക്കൽ ജോസഫിന്റെയും മണ്ണാറാത്ത് മറിയാമ്മയുടെയും മകനായി 1938 നവംബർ 6-ന് ജനനം. പാലാ സെന്റ് തോമസ്, തേവര എസ്.എച്ച്., എറണാകുളം ലോ കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. ഇടുക്കി ജില്ല രൂപീകൃതമായ 1972 മുതൽ 1981 വരെ ഡി.സി.സി. പ്രസിഡന്റായിരുന്നു. വിദ്യാർഥി കോൺഗ്രസിലൂടെയായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ അരങ്ങേറ്റം. പിന്നീട് 1980-ലും 1982-ലും ഇടുക്കി നിയമസഭാ നിയോജക മണ്ഡലത്തിൽനിന്ന് തുടർച്ചയായി ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായും (1982-84) അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

*12-10-2026*

*Obituary Reference*

എറണാകുളം ലോ കോളേജ് ചെയർമാൻ, എ.ഐ.സി.സി. അംഗം, കെ.പി.സി.സി. നിർവാഹക സമിതി അംഗം, കിസ്കോ വൈസ് പ്രസിഡന്റ്, ഇഫ്കോ, ക്രിബ്കോ എന്നിവയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ, എൻ.സി.എച്ച്.എഫ്. ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ജോസ് കുറ്റ്യാനി, നിയമം-സഹകരണം തുടങ്ങിയ മേഖലകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ദേശീയ കാർഷിക സഹകരണ വിപണന ഫെഡറേഷനായ നാഫെഡിന്റെ വൈസ് ചെയർമാൻ തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുണ്ട്. മികച്ച ഒരു പൊതുപ്രവർത്തകനെയും സഹകാരിയെയുമാണ് ജോസ് കുറ്റ്യാനിയുടെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

**എസ്. ജാനകി**

ദക്ഷിണേന്ത്യയുടെ വാനമ്പാടി എസ്. ജാനകി 2026 ജൂലൈ 11-ന് വിടവാങ്ങി. മലയാളം അടക്കം ഇരുപത് ഭാഷകളിലായി അസംഖ്യം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. ഡോ. ശിസ്റ്റില രാമമൂർത്തിയുടെയും

സത്യവതിയുടെയും മകളായി 1938 ഏപ്രിൽ 23-ന് ആന്ധ്രാപ്രദേശിലെ ഗുണ്ടൂർ ജില്ലയിലാണ് എസ്. ജാനകി ജനിച്ചത്. പത്താം വയസിൽ പൈതി സ്വാമിയുടെ കീഴിൽ ശാസ്ത്രീയ സംഗീത പഠനം ആരംഭിച്ചു. 1956-ൽ ആകാശവാണി നടത്തിയ അഖിലേന്ത്യാ സംഗീത മത്സരത്തിൽ ലഭിച്ച രണ്ടാം സ്ഥാനത്തോടെയാണ് ജാനകിയുടെ സംഗീത ജീവിതത്തിന് തുടക്കമാകുന്നത്. 'വിധിയിൻ വിളയാട്ട്' എന്ന തമിഴ് ചിത്രത്തിലൂടെ ചലച്ചിത്ര സംഗീതലോകത്തേക്ക് കടന്നുവന്നു. 'കൊഞ്ചും ചിലങ്കൈ' എന്ന ചിത്രത്തിൽ പാടിയ 'ശിങ്കാര വേലനെ ദേവ' എന്ന ഗാനത്തോടെ തെന്നിന്ത്യയുടെ താരഗായികയായി മാറി. സംഗീത സംവിധായകൻ എം. എസ്. ബാബുരാജാണ് ജാനകിയെ മലയാളത്തിലേക്കെത്തിച്ചത്. 1957-ൽ പുറത്തിറങ്ങിയ 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന ചിത്രത്തിലെ 'ഇരുൾ മൂടുകയോ എൻ വഴിയിൽ' ആണ് ആദ്യ മലയാളഗാനം. തുടർന്ന് ഒട്ടനവധി ഹിറ്റ് ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. 1200-ൽപരം മലയാള സിനിമാ ഗാനങ്ങൾക്ക് ജാനകി ശബ്ദം പകർന്നു. മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം ആദ്യമായി മലയാളത്തിലേക്കെത്തുന്നത് എസ്.

ജാനകിയിലൂടെയാണ്. ഇന്ത്യൻ ഭാഷകൾക്ക് പുറമേ ഇംഗ്ലീഷ്, ജർമ്മൻ, സിംഹള തുടങ്ങിയ ഭാഷകളിലും അവർ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

മികച്ച പിന്നണിഗായികയ്ക്കുള്ള ദേശീയ പുരസ്കാരം നാല് തവണയും കേരള സംസ്ഥാന പുരസ്കാരം 11 തവണയും കരസ്ഥമാക്കി. മാതൃഭാഷ മലയാളമല്ലാതിരുന്നിട്ടും ഉച്ചാരണ സ്ഫുടതയോടെ ഭാവസാന്ദ്രമായി അവർ ആലപിച്ച ഓരോ ഗാനവും മലയാളിയുടെ ഹൃദയത്തോട് ചേർന്നുനിൽക്കുന്നവയാണ്. എസ്. ജാനകിയുടെ സ്വരമാധുരി, സംഗീതം നിലനിൽക്കുന്ന കാലത്തോളം ഇനിയും മലയാളിയുടെ മനസ്സിൽ നിറഞ്ഞുനിൽക്കും.

അന്തരിച്ച മഹദ്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)